# കാടിനു കാവൽ

## സുഗതകുമാരി



കുറെയേറെ വർഷങ്ങളായി കാടിനെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും പലതും പറഞ്ഞും വിമർശിച്ചും ആവലാതിപ്പെട്ടും വ്യസനിച്ചും നമ്മുടെ ഇടയിൽ പ്രശസ്ത കവയിത്രി സുഗതകുമാരി ഉണ്ട്. പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് നീണ്ട വർഷങ്ങളിലെഴുതിയ ലേഖനങ്ങളൊന്നിച്ചു സമാഹരിച്ചതാണ് കാടിനു കാവൽ. ഇതിൽ കാടിന്റെ ഇനിയും നിലയ്ക്കാത്ത ഹൃദയതാളമുണ്ട്. പ്രകൃതിക്കു നേരേ കന്മഴു ഉയരുമ്പോഴുള്ള അരുതേ എന്ന നിലവിളിയുണ്ട്. വറ്റാത്ത മനുഷ്യസ്നേഹത്തിന്റെ തെളിനീരുറവയും ഉണ്ട്.

**മിക്കവാറും തോൽക്കുന്നവയും ചിലപ്പോൾ മാത്രം ഫലംകണ്ടവയും പലപ്പോഴുംഅനന്തമായി നീളുന്നതുമായ യുദ്ധങ്ങളുടെ ഓർമ്മകൾ.**

കവർ ഡിസൈൻ: അരുൺകുമാർ ടി

ഡിസിബുക്സ്

www.dcbooks.com

ലേഖനം

ISBN 978-81-264-3374-2

00004

9 788126 433742

E-book available

₹ 175

8M4 SUG/K

471

# സുഗതകുമാരി



8M4 SUG/K

CASMTVK

BKS

471

# കാടിനു കാവൽ

dcb

8M4 SUG/K
CASMTVK BKS
4 7 1

Library TVK

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 471 Call No.

This book should be returned on or before the date last given below.

15-028
19 APR 2016
14-021
22 JUN 2016
14-010
14 JUL 2016
14-010
27 JUL 2016
14-027
11 AUG 2016
17-33
1 FEB 2018
12 FEB 2019
7 JAN 2020

## സുഗതകുമാരി

1934 ജനുവരിയിൽ ജനിച്ചു. തത്ത്വശാസ്ത്രത്തിൽ എം.എ. ബിരുദം. തിരുവനന്തപുരം ജവാഹർ ബാലഭവന്റെ പ്രിൻസിപ്പൽ, കുട്ടികൾക്കുള്ള 'തളിര്' മാസികയുടെ പത്രാധിപ, സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ എന്നീ സ്ഥാനങ്ങൾ വഹിച്ചു. പ്രകൃതിസംരക്ഷണസമിതിയുടെയും 'അഭയ'യുടെയും സ്ഥാപക സെക്രട്ടറി. കേരള സാഹിത്യ അക്കാദമി അവാർഡ് (പാതിരാപ്പൂക്കൾ), സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ് (രാത്രിമഴ), ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ്, വയലാർ അവാർഡ് (അമ്പലമണി), ആശാൻ സ്മാരക സമിതി (മദ്രാസ്) അവാർഡ് (കുറിഞ്ഞിപ്പൂക്കൾ), വിശ്വദീപം അവാർഡ് (തുലാവർഷപ്പച്ച), അബുദാബി മലയാളി സമാജം അവാർഡ് (രാധയെവിടെ?), ജന്മാഷ്ടമി പുരസ്കാരം (കൃഷ്ണകവിതകൾ), സാമൂഹിക സേവനത്തിനുള്ള ഭാട്ടിയ അവാർഡ്, സേക്രഡ് സോൾ അന്തർദ്ദേശീയ പുരസ്കാരം, പ്രകൃതി സംരക്ഷണയത്നങ്ങൾക്കുള്ള ഇന്ത്യാഗവണ്മെന്റിന്റെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ് എന്നിവ ലഭിച്ചു. 2006-ൽ രാഷ്ട്രം പത്മശ്രീ നല്കി ആദരിച്ചു.

## സുഗതകുമാരിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കവിത*
അമ്പലമണി
കുറിഞ്ഞിപ്പൂക്കൾ
രാത്രിമഴ
രാധയെവിടെ?
ദേവദാസി
കൃഷ്ണകവിതകൾ
മണലെഴുത്ത്
സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം
തുലാവർഷപ്പച്ച
കുടത്തിലെ കടൽ

*ബാലസാഹിത്യം*
വാഴത്തേൻ
ഒരു കുല പൂവുംകൂടി
അയലത്തു പറയുന്ന കഥകൾ

*ലേഖനം*
കാവു തീണ്ടല്ലേ...
മേഘം വന്നു തൊട്ടപ്പോൾ
വാരിയെല്ല്
കാടിനു കാവൽ

സുഗതകുമാരി

# കാടിനു കാവൽ

ഡി സി ബുക്സ്

471

MALAYALAM LANGUAGE

Kadinu Kāval
Essays
by Sugathakumari

Rights Reserved

First published January 2012
4th impression October 2015

*Cover Photograph*
*P. JAYESH*

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-mail: customercare@dcbooks.com
Customercare: 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sugathakumari.
Kadinu kaval/Sugathakumari.
232p., 21cm.
ISBN 978-81-264-3374-2
1. Ecology. I. Title.
574.5- dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-3374-2

Printed in India
at D C Press, Kottayam, INDIA

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 175.00

514/15-16-Sl.No. 14850-dcb 5006-(4)1000-5313-10-15-Itc. 18.1-p as-r (t)dv-d (t) ga.

ആമുഖം

## ഓർമ്മകളുടെ ആൽബം

കഴിഞ്ഞ കുറെയേറെ വർഷങ്ങളായി ഞാൻ നിങ്ങളുടെയെല്ലാം ഇടയിൽ പലതും പറഞ്ഞും വഴക്കിട്ടും ആവലാതിപ്പെട്ടും വിമർശിച്ചും ആവുന്നത്ര പ്രയത്നിച്ചും വ്യസനിച്ചും നടക്കുന്നു... ആ നീണ്ട വർഷങ്ങളിലെഴുതിയ പരിസ്ഥിതിപ്രശ്നങ്ങളെപ്പറ്റിയുള്ള കുറച്ചു ലേഖനങ്ങൾ കണ്ടെടുത്ത് വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. പലതും കാലഹരണപ്പെട്ട വിഷയങ്ങളാണെന്നു തോന്നാം, പക്ഷേ, മിക്കവാറും എല്ലാ പ്രശ്നങ്ങളും ഇന്നും അവയുടെ ഗൗരവത്തിൽതന്നെ തുടരുകയാണെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ കാണാം.

ഈ ദുർഘടമായ വഴിയുടെ ഏതാണ്ട് അന്ത്യത്തിൽ നിന്നുകൊണ്ട് തിരിഞ്ഞുനോക്കുമ്പോൾ ആദ്യം കാണുന്നത് ഇന്ദിരാഗാന്ധിയുടെ മുഖമാണ്. സൈലന്റ് വാലിയെന്ന ഹരിതവിസ്മയം നിലനില്ക്കുന്നത് ആ മഹതിയുടെ ദീർഘവീക്ഷണഫലമാണെന്നത് ഒരിക്കലും മറന്നുകൂടാ. അക്കാലത്താണ് ശക്തമായ വനനിയമങ്ങൾ രൂപീകരിക്കപ്പെട്ടത് എന്നതും ചരിത്രം. അതിനാലത്രേ ഇന്ത്യയിലെ വനങ്ങൾ മുച്ചൂടും മുടിയാതെ ഇന്നും ബാക്കി നില്ക്കുന്നത്. ഇന്ദിരയ്ക്കു നന്ദിപൂർവമായ പ്രണാമം. അതിനു സഹായികളായ എം.എസ്. സ്വാമിനാഥനും എം.ജി.കെ. മേനോനും ടി.എൻ. ശേഷനും നിറഞ്ഞ നന്ദി.

ഈ ക്ലിഷ്ടപഥത്തിലൂടെ ഗാന്ധിജി കൊളുത്തി നല്കിയ വിളക്കുമായി പ്രിയപ്പെട്ട തേഹ്റി മുങ്ങിച്ചാവുന്നതുകണ്ടിട്ടും തളരാതെ, മനം മടുക്കാതെ മുന്നോട്ടു നീങ്ങുന്ന സുന്ദർലാൽ ബഹുഗുണയെ പ്രണമിക്കുന്നു. ഋഷിതുല്യനായ ബാബാ ആംതേയ്ക്കു നമസ്കാരം. പ്രിയപ്പെട്ട മേധയെ സ്നേഹത്തോടെ സ്മരിക്കുന്നു. മാധവ് ഗാഡ്ഗിൽ, വന്ദനാശിവ തുടങ്ങിയ ഒരുപിടി പ്രതിഭാശാലികൾ ഇപ്പോഴും അമരത്തുണ്ട് എന്നത് ചെറിയൊരു ആശ്വാസം നല്കുന്നു.

ഈ കൊച്ചു കേരളത്തിൽ പരിസ്ഥിതി പ്രശ്നങ്ങളിൽ വഴികാട്ടികളായി ചില മഹദ്വ്യക്തികളുണ്ടായിരുന്നു. എൻ.വി. കൃഷ്ണവാരിയർ, പ്രൊഫ. കെ.കെ. നീലകണ്ഠൻ (ഇന്ദുചൂഡൻ), ജോൺ സി. ജേക്കബ്, കെ.വി. സുരേന്ദ്രനാഥ്, ശർമ്മാജിയും പത്നിയും, കേരളത്തെ മാതൃരാജ്യമായി സ്വീകരിച്ച ലാറിബേക്കർ, എസ്. പ്രഭാകരൻനായർ—അവരുടെ മുഖങ്ങൾ തെളിമയോടെ മനസ്സിൽ സൂക്ഷിച്ച് വന്ദിക്കുന്നു. സാലിം അലി എന്ന അത്ഭുത മനുഷ്യൻ ഇവർക്കെല്ലാം മുന്നിൽ നടന്നു എന്ന് ആദരവോടെ സ്മരിക്കുന്നു.

ഒട്ടേറെപ്പേരെ ഓർക്കാറുണ്ട്. എന്നെ ഈ സംഘർഷഭരിതമായ വേദിയിലേക്കു വിളിച്ചിറക്കിയ പ്രൊഫ. എം.കെ. പ്രസാദിനു സ്നേഹാദരങ്ങൾ

മാവൂർ, ഓലിപ്പാറ, പ്ലാച്ചിമട, പാത്രക്കടവ്, അതിരപ്പിള്ളി, എൻഡോസൾഫാൻ, എത്രയെത്ര രണവേദികൾ!

ഓരോ സാഹസത്തിനും എനിക്കു തുണനിന്നത് എന്റെ ഭർത്താവ് കെ. വേലായുധൻ നായരാണ്, എന്റെ വീട്ടുകാരാണ്. സൈലന്റ്‌വാലിക്കാലത്ത് അവശയായിക്കഴിഞ്ഞിരുന്നുവെങ്കിലും തുടർച്ചയായിരുന്ന് കത്തുകൾക്കു മേൽവിലാസമെഴുതുന്ന എന്റെ അമ്മയെ, "ഈ കുഞ്ഞുപുഴയെയാണോ ചങ്ങലയ്ക്കിടുന്നത്?" എന്ന് സതീശ്ചന്ദ്രൻ കാണിച്ച കുന്തിപ്പുഴയുടെ സ്ലൈഡ് കണ്ടു കൺഠമിടറിച്ചോദിച്ച എന്റെ അമ്മയെ ഞാൻ നമസ്കരിക്കുന്നു. സൈലന്റ്‌വാലിയെപ്പറ്റിയുള്ള ആദ്യത്തെ കേസിനുവേണ്ട മാറ്റർ തയ്യാറാക്കിയ എന്റെ അനുജത്തി സുജാത എന്നും 'ഇരുണ്ട കാടുകളുടെ താളം തേടി' നടക്കുന്നവളാണ്. എന്റെ അനുജൻ ഗോപാലകൃഷ്ണൻ എന്നും വനംകേസുകൾക്കു സഹായിയായി കൂടെനിന്നു. എന്റെ ചേച്ചി ഹൃദയകുമാരി എല്ലാ കാര്യങ്ങൾക്കും താൽപര്യത്തോടെ സഹായിച്ചു. എന്റെ അച്ഛൻ അനുഗ്രഹമായി എപ്പോഴും ഒപ്പമുണ്ടായിരുന്നു. ഞങ്ങളുടെ പെൺകുട്ടികൾ ലക്ഷ്മിയും ശ്രീദേവിയുമടക്കം ഒരു കുടുംബത്തിന്റെ മുഴുവൻ പിന്തുണയും ഈ യത്നങ്ങളിൽ എനിക്കു ലഭിച്ചുവെന്നത് എന്റെ ഭാഗ്യമത്രെ.

എങ്കിലും വഴി അതീവ ക്ലിഷ്ടമായിരുന്നു. ദുഃഖമയമായിരുന്നു. ഭയവും അവിശ്വാസവും നിറഞ്ഞതായിരുന്നു. അതിന്റെ ഒടുക്കത്തെ കവലയിൽ തനിച്ചുനിന്ന് ഞാൻ പഴയ താളുകൾ ചികയുന്നു. പഴയ മുഖങ്ങളിലേക്ക് നഷ്ടബോധത്തോടെ, സ്നേഹത്തോടെ നോക്കുന്നു.

മിക്കവാറും തോല്ക്കുന്നവയും ചിലപ്പോൾ മാത്രം ഫലം കണ്ടവയും പലപ്പോഴും അനന്തമായി നീളുന്നവയുമായ യുദ്ധങ്ങളുടെ ഓർമ്മകളാണീ ലേഖനങ്ങൾ. മറക്കാതിരിക്കാൻവേണ്ടി കൂട്ടിവയ്ക്കുന്നു എന്നു മാത്രം. സദയം സ്വീകരിക്കുക.

**സുഗതകുമാരി**

## ഉള്ളടക്കം


ആ കവിയെ ഞാനറിയുന്നു 13
കാട് 16
വനരോദനം 20
വഴിയോരപ്പൂക്കൾ 23
നിത്യഹരിതവനങ്ങൾ 26
ശബരിഗിരിക്കാടുകൾ പഠിപ്പിച്ച പാഠം 30
കേരളമോ, ചമ്പൽക്കാടോ? 37
കാടു കേഴുന്നു, കനിവിനായി 40
മാവൂർ ഗ്രാസിം എന്ന ധിക്കാരം 45
പൂയംകുട്ടി 49
പൂയംകുട്ടി വീണ്ടും 54
ആണവനിലയം—ഞങ്ങൾ നിഷേധിക്കുന്നു 57
ഞങ്ങൾ എന്തുകൊണ്ട് അണുശക്തിനിലയത്തെ എതിർക്കുന്നു? 59
പച്ചവെളിച്ചം 62
നർമ്മദ വിളിക്കുന്നു 66
നർമ്മദാ തീരവാസികൾക്കുവേണ്ടി 69
അഗസ്ത്യവനം—കാടിനെ കൊന്നു പാർക്ക് വേണോ? 72
ജീരകപ്പാറ 76
ജീരകപ്പാറയ്ക്ക് വധശിക്ഷയോ? 82
കൃഷിചെയ്യാൻ വനം 88
കുടിവെള്ളത്തിനുവേണ്ടി 93
'കല്ലും മുള്ളും കാലുക്കു മെത്ത' 96
ഇരുട്ടും ചൂടും വിധിക്കപ്പെട്ടവർ 100
ആരാണീ വനംവകുപ്പിന്റെ യജമാനന്മാർ? 105
അട്ടപ്പാടിയിലെ കഞ്ചാവുകൃഷി 108
യാഥാർത്ഥ്യങ്ങൾ, കാപട്യങ്ങൾ, നിസ്സഹായത 113
മതി; ആദിവാസിയെക്കൊണ്ടുള്ള ചൂതുകളി 117
വനത്തിനും വനവാസിക്കുംവേണ്ടി 119
നാട്ടുരാശാക്കളോട് 122

എക്സ്പ്രസ്സ് ഹൈവേ: ചില ലളിതമായ സംശയങ്ങൾ 125
കാടും കോടതിയും സർക്കാരും 128
പുതിയ നിയമം പഴയ പേന 132
വേണം ഈ മഴക്കാടും കുന്തിപ്പുഴയും 134
പാത്രക്കടവ് എന്നാൽ വീണ്ടും സൈലന്റ്‌വാലി! 136
പാത്രക്കടവ് പ്രശ്നം 138
വനവിവാദങ്ങൾ 141
ഗജശാപം 153
ഗജേന്ദ്രമോക്ഷം 154
നിയമങ്ങൾകൊണ്ട് എന്തുകാര്യം? 157
ആനക്കമ്പം 160
ഏലക്കാടുകളും ഇടതുസർക്കാരും 162
മെർക്കിൻസ്റ്റൺ എന്ന അസംബന്ധ നാടകം 165
പൊൻമുടി 167
നമ്മുടെ സമ്പത്ത് ഈ പച്ചപ്പും ജലസമൃദ്ധിയും 170
വഴിത്തണൽ 172
അഭിനന്ദനങ്ങൾ, വി.എസ്സ്.! 174
നാണക്കേട് 177
മൂന്നാർ വീണ്ടും 180
കണ്ടൽക്കാടുകളും തണ്ണീർത്തടങ്ങളും നിസ്സാരമല്ല 184
മൂന്ന് ആൽമരങ്ങളുടെ കഥ 187
ശാസ്തമംഗലത്ത്—അർദ്ധരാത്രിയിൽ 190
നന്ദി, അഭിനന്ദനങ്ങൾ 193
എൻഡോസൾഫാൻ—കേന്ദ്രത്തിലെ സംശയാലുക്കളോട് 195
വിളപ്പിൽശാല മാലിന്യപ്രശ്നം 197
മൂച്ചിക്കുണ്ട് 199
അച്ചൻകോവിൽ മരംവെട്ട് 204
ഒലിപ്പാറ 206
അട്ടപ്പാടിയിൽ കൃഷ്ണവനം 209
കൃഷ്ണവനം 215
തൊഴിലുറപ്പുപദ്ധതിയും നാടൻ പച്ചപ്പും 217
ബഹു. അബ്ദുൾകലാം, താങ്കൾക്ക് എങ്ങനെ ഉറപ്പു നല്കാൻ കഴിയും? 220
കാടിനു കാവൽ നാംതന്നെ 223
*പദസൂചി* 227

## ആ കവിയെ ഞാനറിയുന്നു

സാരോവിവ എന്ന കവിയെ
ഞാനറിയുന്നു. അദ്ദേഹം
തൂക്കിലേറ്റപ്പെടേണ്ടവൻ
തന്നെയാണ് എന്നും
ഞാനറിയുന്നു.
ആ ഭാഷയുടെ പേരുപോലും
അറിഞ്ഞുകൂടെങ്കിലെന്ത്! ആ
വാക്കുകളൊന്നും പരിഭാഷയിൽ
പോലും
വായിച്ചിട്ടില്ലെങ്കിലെന്ത്!
എന്തായിരിക്കും സാരോവിവ
പാടിയതെന്ന് നമുക്ക്
ഊഹിച്ചുകൂടേ!
എണ്ണക്കമ്പനികൾക്കുവേണ്ടി
മണ്ണു നഷ്ടപ്പെടുന്ന
ഓഗോണികളോട് കവി
പാടിയിരിക്കും—പച്ചയെപ്പറ്റി,
കൃഷിയുടെ കാരുണ്യത്തെപ്പറ്റി,
മേച്ചിൽപുറങ്ങളിലെ
മഞ്ഞുതുള്ളികളെപ്പറ്റി,
മഞ്ഞിൽനനഞ്ഞ
കാട്ടുപൂക്കളെയും അവയെ
നോവിക്കാതെ മൃദുലമായി
കടിച്ചുതിന്നുന്ന
ആട്ടിൻകിടാങ്ങളുടെ തുടുത്ത
ചോരിവായെയും പറ്റി, കറുത്ത
കുഞ്ഞുങ്ങളുടെ കണ്ണുകളിലെ
നക്ഷത്രങ്ങളെപ്പറ്റി, ഭൂമി എന്ന
പാവപ്പെട്ട ഗ്രാമീണയായ
അമ്മയെപ്പറ്റി, അമ്മയെ
കൊത്തിപ്പിളർക്കുന്ന
കഴുകന്മാരെപ്പറ്റി,